
# ...ണിഫോമിന്റെ ...ഷ്ട്രീയം


**...തിവിധികളുടെയും സ്കൂൾ മാനേജ്മെന്റുകളുടെ മൗലികാവകാശങ്ങളുടെ ... വിലയിരുത്തിയാൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിവാദങ്ങൾ ...യും അനാവശ്യമാണെന്നും ഉയരുന്ന വാദഗതികളിൽ ഏറെയും കോടതിയലക്ഷ്യമാണെന്നും വ്യക്തമാണ്.**



കാജനകമാണ്.

## യൂണിഫോം വിവാദങ്ങളിലെ കോടതിയലക്ഷ്യം

വിദ്യാലയങ്ങളിൽ മതാചാര പ്രകാരമുള്ള വസ്ത്രങ്ങൾ ധരിക്കണമെന്ന് വിദ്യാർത്ഥികൾ നിർബന്ധം പിടിക്കരുതെന്ന് കർണാടക ഹൈക്കോടതി 2022 ഫെബ്രുവരിയിലെ ഒരു ഇടക്കാല ഉത്തരവിൽ വ്യക്തമാക്കുകയുണ്ടായി. അതിനർഥം, യൂണിഫോമുകളിൽ മത-രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാവരുത് എന്ന നിലപാടിൽ നീതിപീഠം ഉറച്ചുനിൽക്കുന്നു എന്നുള്ളതാണ്. ഈ വിഷയത്തിൽ വളരെ വ്യക്തമായ



**2019ൽ മുസ്‌ലീം എജ്യുക്കേഷണൽ സൊസൈറ്റി (MES) തങ്ങളുടെ സ്ഥാപനങ്ങളിലെ അധികാരികൾക്കു നൽകിയ സർക്കുലർ പ്രകാരം, ആധുനികതയുടെ പേരിലോ മതാചാര പ്രകാരമോ ഉള്ള വസ്ത്രധാരണങ്ങൾ അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.**

നിലപാടറിയിച്ച വിധിപ്രസ്താവം (WP-C 35293/ 2018) 2018ൽ കേരള ഹൈക്കോടതി നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ ക്രൈസ്റ്റ് നഗർ സ്കൂളിലെ രണ്ട് വിദ്യാർഥിനികൾ മതപരമായ വസ്ത്രം ധരിക്കാൻ അനുമതി തേടി ഹൈക്കോടതിയിൽ എത്തിയതിനെ തുടർന്നുണ്ടായ വിധിയാണ് അത്. മതാചാരപ്രകാരം തല മറയ്ക്കുന്ന ഹിജാബും ഫുൾ സ്ലീവ് ഷർട്ടും യൂണിഫോമിനൊപ്പം ധരിക്കാനുള്ള അനുമതിയായിരുന്നു അവരുടെ ആവശ്യം. എന്നാൽ ആ ആവശ്യം അംഗീകരിക്കാൻ കോടതി തയ്യാറായില്ല എന്നുമാത്രമല്ല, ഈ വിഷയവുമായി ബന്ധപ്പെട്ട് വ്യക്തമായ ചില നിലപാടുകൾ വിധിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

യൂണിഫോം സംബന്ധിച്ച തീരുമാനം സ്വതന്ത്രമായി സ്വീകരിക്കാനും പ്രത്യേക ആവശ്യങ്ങൾക്കുള്ള അനുമതിയുടെ കാര്യത്തിൽ നിലപാടെടുക്കാനും പൂർണ അധികാരം സ്കൂൾ മാനേജ്മെന്റിനാണ് എന്ന് കോടതി പറയുകയുണ്ടായി. സ്കൂൾ മാനേജ്മെന്റിന്റെ മൗലിക അവകാശത്തിനു മുകളിലല്ല കുട്ടികളുടെ വ്യക്തിഗത അവകാശങ്ങളെന്നും കോടതി നിരീക്ഷിച്ചു. യൂണിഫോമിന്റെ കാര്യത്തിൽ സ്കൂളിന്റെ നിയമങ്ങൾ പാലിച്ച് അവിടെ തുടരാൻ കഴിയാത്ത വിദ്യാർഥികൾ വിടുതൽ സർട്ടിഫിക്കേറ്റിന് അപേക്ഷിക്കുന്ന പക്ഷം മറ്റു പരാമർശങ്ങൾ കൂടാതെ അതു നൽകി വിടാവുന്നതാണ്; എന്നാൽ, സ്കൂൾ ഡ്രസ് കോഡ് പാലിക്കാൻ തീരുമാനിക്കുന്നെങ്കിൽ അവരെ സ്കൂളിൽ തുടരാൻ അനുവദിക്കണം എന്നീ നിർദേശങ്ങളും കോടതിവിധിയിലുണ്ട്.

വിധിപ്രസ്താവം നടത്തിയ ഹൈക്കോടതി ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്, വിദ്യാർഥിനികളുടെ ഈ ആവശ്യത്തിൽ സ്കൂൾ മാനേജ്മെന്റിന് നിർദേശം പോലും നൽകാൻ കോടതിക്കു കഴിയില്ല എന്നാണ് വ്യക്തമാക്കിയത്. യൂണിഫോമിന്റെ കാര്യത്തിൽ മാനേജ്മെന്റ് സ്വീകരിക്കുന്ന നിലപാടുകളോട് യോജിക്കാൻ കഴിയാത്തപക്ഷം ടിസി വാങ്ങി മറ്റ് സ്കൂളുകളിലേക്ക് പോകാവുന്നതാണ് എന്നാണ് ഒറ്റവാക്യത്തിൽ ആ കോടതിവിധിയുടെ സാരാംശം. വ്യക്തമായ നിർദേശങ്ങളോടും അറിയിപ്പുകളോടും കൂടിയ സ്കൂൾ ഡയറി അഡ്മിഷൻ വേളയിൽത്തന്നെ കൈപ്പറ്റിയ പശ്ചാത്തലത്തിൽ അതിന് വിപരീതമായ വാദഗതികളൊന്നും നിലനിൽക്കില്ല എന്ന മറ്റൊരു കോടതി പരാമർശവുമുണ്ട്.

2019ൽ മുസ്‌ളീം എജ്യുക്കേഷണൽ സൊസൈറ്റി (MES) തങ്ങളുടെ സ്ഥാപനങ്ങളിലെ അധികാരികൾക്ക് നൽകിയ സർക്കുലർ പ്രകാരം, ആധുനികതയുടെ പേരിലോ മതാചാരപ്രകാരമോ ഉള്ള വസ്ത്രധാരണങ്ങൾ അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുവായ ഡ്രസ് കോഡിന് വിരുദ്ധമായി ഒരുവിധത്തിലുമുള്ള വേഷവിധാനങ്ങളും പാടില്ല എന്ന നിലപാടാണ് 2019 ഏപ്രിൽ പതിനാലാം തീയതിയിലെ സർക്കുലറിലൂടെ അവർ അറിയിച്ചിരിക്കുന്നത്.

ഇതുവരെയുള്ള കോടതിവിധികളുടെയും സ്കൂൾ മാനേജ്മെന്റുകളുടെ മൗലികാവകാശങ്ങളുടെയും വെളിച്ചത്തിൽ വിലയിരുത്തിയാൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിവാദങ്ങൾ പൂർണമായും അനാവശ്യമാണെന്നും ഉയരുന്ന വാദഗതികളിൽ ഏറെയും കോടതിയലക്ഷ്യമാണെന്നും വ്യക്തമാണ്. ന്യായം പൂർണമായും സ്കൂൾ മാനേജ്മെന്റുകളുടെ പക്ഷത്തായിരിക്കെ ഇപ്പോഴുള്ള ഇത്തരം വിവാദങ്ങളിൽ വ്യക്തവും കൃത്യവുമായ ഭരണകൂട-നിയമ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## കത്തോലിക്കാ സഭയുടെ നിലപാടുകൾ

മനുഷ്യ ജീവിതത്തിലും സാമൂഹിക വികസനത്തിലും വിദ്യാഭ്യാസം എന്തുമാത്രം സ്വാധീനം ചെലുത്തുന്നു എന്ന് വ്യക്തമായി ഗ്രഹിച്ചുകൊണ്ടാണ് ആഗോളതലത്തിൽ കത്തോലിക്കാ സഭ വിദ്യാഭ്യാസപരമായ നയങ്ങൾ രൂപീകരിച്ചിരിക്കുന്നതെന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രമാണരേഖയുടെ ആമുഖത്തിൽ പറയുന്നു. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം എന്ന മൂല്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് നീതിനിഷ്ഠവും നിയമാനുസൃതവുമായാണ് നൂറുകണക്കിന് കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നത്. ഒരു മതത്തിന്റെയും ആചാരാനുഷ്ഠാനങ്ങളെയോ വിശ്വാസത്തെയോ മറ്റു മതവിശ്വാസികളെത്തന്നെയോ വിലകുറച്ചു കാണുന്ന ഇടുങ്ങിയ മനഃസ്ഥിതിയല്ല സഭയും സഭാനേതൃത്വവും പുലർത്തി വന്നിട്ടുള്ളത്. യൂണിഫോം പോലുള്ള വിഷയങ്ങളിൽ സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാനുള്ള പൂർണമായ അധികാരവും അവകാശവും ഉണ്ടെങ്കിലും തികഞ്ഞ അനുഭാവത്തോടെ തന്നെയാണ് സഭാസ്ഥാപനങ്ങൾ എക്കാലവും നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതും. തുടർന്നും അങ്ങനെ തന്നെയായിരിക്കും. രാജ്യത്തിന്റെ സമഗ്രപുരോഗതിക്കും മതേതരത്വത്തിനും വേണ്ടി നിലകൊള്ളുകയാണ് സഭയുടെ ലക്ഷ്യം. വിഭാഗീയതയും വർഗീയതയും വളർത്തുന്ന വ്യക്തികളോടും സമൂഹങ്ങളോടും അവരുടെ നിലപാടുകളോടും സമരസപ്പെടാൻ സഭ ഇന്നോളം തയാറായിട്ടില്ലാത്തതുപോലെ തുടർന്നും അപ്രകാരം തന്നെയായിരിക്കും. അത്തരക്കാരുടെ നീക്കങ്ങളെ എല്ലായ്പ്പോഴും ജാഗ്രതയോടെ വീക്ഷിക്കുകയും ഉറച്ച നിലപാടുകളോടെ മുന്നോട്ടുപോവുകയും ചെയ്യും.

യൂണിഫോം വിവാദം തുടർക്കഥയാകുമ്പോൾ അതിനു പിന്നിലെ കാപട്യത്തിന്റെ രാഷ്ട്രീയതന്ത്രം മറനീക്കി പുറത്തുവരികയാണ്. കൂടുതൽ ആഴമുള്ള ലക്ഷ്യങ്ങളുമായി ആരോ തയാറാക്കിയിരിക്കുന്ന പദ്ധതികളുടെ ഭാഗമാണ് ഈ വിവാദങ്ങൾ എന്നു കരുതുന്നതിൽ തെറ്റില്ല. വർഗീയ ധ്രുവീകരണം കൂടുതൽ ശക്തിപ്രാപിക്കുന്നതിനെയും ആനുപാതികമായി മറ്റു സാമൂഹിക വെല്ലുവിളികൾ വർധിക്കുന്നതിനെയും അതീവ ഗൗരവമായിക്കണ്ട് നടപടികൾ സ്വീകരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തയാറാകണം.

(ലേഖകൻ കെസിബിസി ഐക്യ - ജാഗ്രതാ കമ്മീഷൻ സെക്രട്ടറിയാണ്.)